അനുസരിച്ച് ഏർപ്പെടുത്തിക്കൊണ്ട് പരിഹരിക്കാൻ കഴിയും എന്നുള്ളതാണ് ഈ രണ്ടു കൊല്ലത്തെ അനുഭവം. ആ രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത്പോകാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗവൺമെന്റ് കൊടുക്കുന്ന സാമ്പത്തിക സഹായത്തിനു പുറമെ പഞ്ചായത്തുകൾക്ക് മറ്റ് വരുമാനമാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അത് വിശദീകരിക്കാമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : സർ, പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും സ്വന്തമായിട്ട് വരുമാനമുണ്ടാക്കാനുള്ള പദ്ധതി മുൻപേയുണ്ട്. ഈ ഗവൺമെന്റ് അനുവദിച്ചിട്ടുള്ളതാണ്. പല പഞ്ചായത്തുകളും വളരെ ഫലപ്രദമായ രീതിയിൽ അത്തരം പദ്ധതികൾ തയ്യാറാക്കി വരുമാനം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. ചില ഗ്രാമപ്രദേശങ്ങളിലെല്ലാം വേണ്ടത്ര ഫലപ്രദമാകുന്നില്ല, പരാജയമാണ് എന്നുള്ള അഭിപ്രായമുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കേരളത്തിലെ പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ സെൻ കമ്മിഷന്റെ നിർദ്ദേശങ്ങളെക്കുറിച്ച് നടത്തിയ സെമിനാർ ബഹുമാനപ്പെട്ട സ്പീക്കർ ഉദ്ഘാടനം ചെയ്തു, ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചു, ഞാനും അതിലുണ്ടായിരുന്നു. യോഗത്തിൽ അവർ പാസ്സാക്കിയ ഒരു പ്രമേയം ചർച്ചയ്ക്കുവച്ചു. ഇതുപോലുള്ള പരിശീലനങ്ങൾ, സിംപോസിയം, സെമിനാറുകൾ ഇതെല്ലാം ചർവ്വിതചർവ്വണമാണെന്നും അതുപോലെ പ്ലാനിംഗ് ബോർഡിന്റെ തലതിരിഞ്ഞ ഓർഡറുകളാണ് ഈ വികസന പ്രവർത്തനത്തിന് തടസ്സം എന്നും പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി ആ സെമിനാറിൽ വച്ചു. ആരാണ് അസോസിയേഷന്റെ ആളുകൾ എന്ന് ഞാൻ പറയാതെ അങ്ങേയ്ക്ക് അറിയാമല്ലോ. എന്നെക്കാൾ കൂടുതൽ അറിയാവുന്ന ആളാണല്ലോ അങ്ങ്. അസോസിയേഷൻ പാസ്സാക്കിയ ആ പ്രമേയത്തെക്കുറിച്ച് ഗവൺമെന്റ് എന്തു നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ?

ശ്രീ. പാലൊളി മുഹമ്മദ് കുട്ടി : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥൻമാരും ഒരു പുതിയ മേഖലയിലാണ് ഈ ജനകീയാസൂത്രണ പ്രവർത്തനത്തിലൂടെ പരിശീലനം കൈവരിച്ചിട്ടുള്ളത് എന്നാണ് ഗവൺമെന്റ് കാണുന്നത്. അതിനെ സംബന്ധിച്ചിടത്തോളം ആദ്യത്തെ വർഷങ്ങളിൽ ആവശ്യമായിട്ടുള്ള പരിശീലനം വേണ്ടതുപോലെ കൊടുക്കാൻ കഴിഞ്ഞില്ല എന്നുള്ള പിശകും തിക്താനുഭവങ്ങളും നമ്മളിവിടെ ചർച്ച ചെയ്തു. പരമാവധി അത്തരം കുറവുകൾ പരിഹരിച്ചുപോകാൻ ഇതുപോലുള്ള പരിപാടികൾ വേണം എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അത് തുടരുന്നത്. ചില പഞ്ചായത്ത് പ്രസിഡന്റുമാരെ സംബന്ധിച്ചിടത്തോളം ഒരു പരിശീലനവും ആവശ്യമില്ല എന്നുള്ള ധാരണയിലാണ് പോകുന്നത്. അത് ശരിയല്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ഓട് വ്യവസായം നേരിടുന്ന പ്രതിസന്ധി

2 (*272)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. എളമരം കരീം :

ശ്രീ. എൻ.ആർ. ബാലൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓടു വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തൊക്കെയാണ്;

(ബി) ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കേരളത്തിലെ ഓടു വ്യവസായം നേരിടുന്ന പ്രതിസന്ധിയെ കുറിച്ച് പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ;

(ഇ) എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(എഫ്) കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓട് വ്യവസായത്തെ ആധുനികവത്ക്കരിക്കുന്നതിനും വൈവിധ്യവത്ക്കരിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ

(എ) പ്രധാന പ്രതിസന്ധികൾ താഴെപ്പറയുന്നവയാണ്.

1. അസംസ്കൃത വസ്തുവായ ഗുണമേൻമയുള്ള കളിമണ്ണിന്റെ ദൗർലഭ്യം.

2. പുരാതനവും ചുരുങ്ങിയതുമായ ഉൽപ്പാദന ചെലവു രീതി.

3. ഇന്ധനക്ഷമത കുറഞ്ഞതും പരമ്പരാഗത രീതിയിലുള്ളതുമായ ചൂളകൾ.

4. ഉൽപ്പാദനക്ഷമത കുറഞ്ഞ പഴയ സാങ്കേതിക വിദ്യയും യന്ത്രസാമഗ്രികളും.

5. വിപണനമേഖലയിലെ മാന്ദ്യം.

6. ആകർഷകങ്ങളായ പുതിയ ഉൽപ്പന്നങ്ങളുടെ അഭാവം

(ബി) ഉണ്ട്.

(സി) സർക്കാർ നിയോഗിച്ചിരുന്ന വിദഗ്ദ്ധ കമ്മിറ്റി ഓടുവ്യവസായ മേഖല നേരിടുന്ന വ്യവസായ പ്രതിസന്ധികളെക്കുറിച്ച് ആഴത്തിൽ പഠിച്ച് പരിഹാര മാർഗ്ഗങ്ങൾ അടങ്ങുന്ന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഓടു വ്യവസായ മേഖലയുടെ സമഗ്രമായ പുരോഗതിക്കായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രധാനമായും ഓടു വ്യവസായ മേഖലയെ ആധുനികവൽക്കരിക്കാനും വൈവിദ്ധ്യവൽക്കരിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) നിയോഗിച്ചിരുന്നു.

(ഇ) ഉണ്ട്.

(എഫ്) ഓടു വ്യവസായമേഖലയെ ആധുനികവൽക്കരിക്കാനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ഗവൺമെന്റിന്റെ റീജിയണൽ റിസർച്ച് ലബോറട്ടറിയുമായി ചേർന്ന് 86.22 ലക്ഷം രൂപയുടെ പ്രോജക്ട് അംഗീകരിക്കുകയും അതിന് വ്യവസായ വകുപ്പിന്റെ വിഹിതമായ 30.82 ലക്ഷം രൂപയിൽ 17 ലക്ഷം രൂപയും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രധാന നടപടികൾ ഇപ്രകാരമാണ്.

1. ഉൽപ്പന്നങ്ങളുടെ ഗുണമേൻമ വർദ്ധനവിനായി ഗുണമേൻമയുള്ള കളിമണ്ണ് നിക്ഷേപം എല്ലാ സ്ഥലങ്ങളിലും കണ്ടെത്തുക. ഇതിന്റെ ഭാഗമായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ സർവ്വേ നടത്തി കളിമണ്ണ് നിക്ഷേപമുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ഭൂപടം തയ്യാറാക്കിവരുന്നു.

2. വൈവിദ്ധ്യവൽക്കരണ സമയത്ത് പുതിയ ഉൽപ്പന്നങ്ങൾ കണ്ടു പിടിക്കുക.

3. നിലവിലുള്ള പഴയ യന്ത്രങ്ങൾക്കു പകരം ആധുനിക യന്ത്രങ്ങൾ സ്ഥാപിക്കുക.

4. ഈ രംഗത്തെ ഊർജ്ജസംരക്ഷണ ഉൽപ്പാദനത്തിനും തദ്വാര ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനും ആവശ്യമായ പുതിയ സാങ്കേതിക വിദ്യ രൂപപ്പെടുത്തുക.

5. അസംസ്കൃത പദാർത്ഥങ്ങൾ കണ്ടുപിടിക്കുക. ഇതിനു പുറമെ ദീർഘകാലാടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കൂടി പ്രസ്തുത പ്രോജക്ട് ഏറ്റെടുക്കുക.

1. സംസ്കരിച്ച അസംസ്കൃത പദാർത്ഥങ്ങൾ രൂപപ്പെടുത്തുക.

2. ഓടു വ്യവസായ സ്ഥാപനങ്ങൾ ഗുണമേൻമ പരിശോധനയ്ക്കായി ലബോറട്ടറി സ്ഥാപിക്കുക.

3. പുതിയ കളിമണ്ണ് സംസ്കരണ സാങ്കേതികവിദ്യ രൂപപ്പെടുത്തി എടുക്കുക.

4. ഈ മേഖലയിൽ നടപ്പിലാക്കാൻ പോകുന്ന ആധുനികവൽക്കരണവും വൈവിദ്ധ്യവൽക്കരണവും സംബന്ധിച്ച് വ്യവസായികൾക്ക് ബോധവൽക്കരണവും പരിശീലനവും സംഘടിപ്പിക്കാനുള്ള കേന്ദ്രം സ്ഥാപിക്കുക.

5. ഓടു വ്യവസായത്തിന് പ്രത്യേക വിപണനതന്ത്രം ആവിഷ്കരിക്കുക.

<u>ശ്രീ. എളമരം കരീം</u> : സർ, ഓടു വ്യവസായത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ റീജിയണൽ റിസർച്ച് ലബോറട്ടറിയുമായി ചേർന്ന് ഒരു പ്രോജക്ട് രൂപം നൽകിയതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നമ്മുടെ നാട്ടിൽ ഉൽപ്പാദിപ്പിക്കാത്ത ഗ്ലൈസ്ഡ് ടൈൽസ് പോലുള്ള ആധുനിക ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള ടെക്നോളജി ഇവിടെ ഈ പ്രോജക്ട് അനുസരിച്ച് ദേശീയതലത്തിൽ ലഭ്യമാണോ; അതല്ലെങ്കിൽ വിദേശത്തുള്ള അത്തരം ടെക്നോളജി കിട്ടുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന് വ്യവസായ വകുപ്പ് നൽകേണ്ട ഫണ്ടിന്റെ ബാക്കി എപ്പോൾ കൊടുക്കാൻ കഴിയും എന്നാണ് ഗവൺമെന്റ് കരുതുന്നത്; എല്ലാ ജില്ലകളിലേയ്ക്കും ഇതിന്റെ പദ്ധതി വ്യാപിപ്പിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, ഈ നവീകരണത്തിന് ആവശ്യമായ നടപടിയാണ് എടുക്കുന്നത്. ഇന്ന് റീജിയണൽ റിസർച്ച് ലാബറട്ടറിയുമായിട്ട് ബന്ധപ്പെട്ട് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള റിസർച്ച് അടക്കം

LIBRARY ARCHIVES Kerala Legislative Assembly

നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങളിൽത്തന്നെ ഇൻഹൗസ് റിസർച്ച് കൂടി ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. പല വിധത്തിലുള്ള റിസർച്ചുകൾ നടക്കുകയാണ്. ഇന്ത്യയ്ക്ക് വെളിയിൽ വല്ല സ്ഥലത്തും പുതിയ സംവിധാനങ്ങൾ ഉണ്ടോ എന്നുള്ള കാര്യം പരിശോധിക്കുന്നതാണ്. ഇപ്പോൾ തന്നെ ഇവിടെയുള്ള നമ്മുടെ തന്നെ റിസർച്ച് ശക്തിപ്പെടുത്തുക എന്നുള്ളത് കേരളത്തിലേയും ഇന്ത്യയിലേയും വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രധാനമാണ്. അങ്ങനെയുള്ള ഇൻഹൗസ് റിസർച്ച് നമ്മൾ ഇന്ന് എല്ലാ മേഖലയിലും ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. മറ്റ് രംഗത്ത് കിട്ടാനുണ്ടെങ്കിൽ തീർച്ചയായിട്ടും അത് ലഭ്യമാക്കുന്നതിന് ശ്രമിക്കും. 17 ലക്ഷം രൂപ കൊടുത്തത് ഉപയോഗപ്പെടുത്തി അതിന്റെ റിപ്പോർട്ട് ലഭിച്ച് കഴിഞ്ഞാൽ ബാക്കി പണം കൊടുക്കുന്നതാണ്.

<u>ശ്രീ. എളമരം കരീം</u> : ഇന്ന് ഓട് വ്യവസായത്തിന് നേരിടുന്ന ഒരു പ്രധാന പ്രതിസന്ധി മണ്ണ് ആവശ്യത്തിന് കിട്ടാത്തതാണ്. പല പ്രദേശത്തും ഇത് സംബന്ധിച്ച് തടസ്സങ്ങൾ ഉണ്ടായിരുന്നു. അത്തരത്തിലുള്ള പ്രാദേശിക തടസ്സങ്ങൾ ഒഴിവാക്കി ആവശ്യമായ മണ്ണ് ലഭിക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അത് സംബന്ധിച്ചുള്ള സർവേ നടത്തി എവിടെയൊക്കെയാണ് ഈ പ്രധാനപ്പെട്ട നല്ല ക്ലേ അവയ്ലബിൾ ആയിട്ടുള്ളതെന്ന് കണ്ടുപിടിച്ച് അതിന്റെ മാപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഇന്ന് ഈ വ്യവസായികൾ പലപ്പോഴും കളിമണ്ണ് എടുക്കുന്നതിൽ യാതൊരു നിയന്ത്രണവും പാലിക്കാറില്ല. പ്രത്യേകിച്ചും അത് നല്ലതാണോ എന്ന പരിശോധനപോലും നടത്താതെ അത് ഉപയോഗിച്ച് മാനുഫാക്ചർ ചെയ്യുന്നതുകൊണ്ട് പലപ്പോഴും ക്വാളിറ്റി നഷ്ടപ്പെടുകയും മാർക്കറ്റ് നഷ്ടപ്പെടുകയും ചെയ്യുന്നു. അതുപോലെതന്നെ അത് നവീകരിക്കുന്നതിനുള്ള നടപടി എടുക്കാതെ, പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാതെ മാർക്കറ്റിൽ പിടിച്ച്നിൽക്കാൻ കഴിയില്ല. അതിന് ആവശ്യമായ സഹായവും അതുപോലെതന്നെ ഉപദേശങ്ങളും ആണ് ഇന്ന് വ്യവസായ വകുപ്പിൽനിന്നും അവർക്ക് നൽകിവരുന്നത്.

<u>ശ്രീ. എൻ.ആർ. ബാലൻ</u> : കേരളത്തിലെ ഓട് വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഒട്ടേറെ നടപടികൾ കൈക്കൊണ്ട് വരികയാണ്. പക്ഷേ ഈ ചെറുകിട വ്യവസായികളെ സാരമായി ബാധിക്കുന്ന കളിമണ്ണിന് ഏർപ്പെടുത്തിയ റോയൽറ്റി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ ഓട് വ്യവസായികളും, തൊഴിലാളികളും സംയുക്തമായി സമരം നടത്തുകയാണ്. തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടക ഗവൺമെന്റിന് കളിമണ്ണിനുള്ളതായിട്ടുള്ള റോയൽറ്റി ഒഴിവാക്കിയതായിട്ടാണ് അറിയുന്നത്. ഓട് വ്യവസായത്തിന്റെ സ്ഥിതി മനസ്സിലാക്കി കളിമണ്ണിന് ഏർപ്പെടുത്തിയിരിക്കുന്ന റോയൽറ്റി ഒരു ടണ്ണിന് 10 രൂപയാണ്. അത് പൂർണ്ണമായും ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടി ഈ വ്യവസായ പുനരുദ്ധാരണത്തിന്റെ ഭാഗമായും അവരെ സഹായിക്കുന്നതിന്റെ ഭാഗമായും കൈക്കൊള്ളാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഓട് വ്യവസായത്തിന്റെ പ്രതിസന്ധി പരിഗണിച്ച് 10 രൂപ എന്നുള്ളത് ഒരു രൂപ ആക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഓട് വ്യവസായത്തിന് യാതൊരു നിയന്ത്രണവും വേണ്ടെന്നുള്ള സമീപനം ശരിയല്ല. പ്രത്യേകിച്ചും ഏതെല്ലാം പ്രദേശത്താണ് നല്ല ഖനനം

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുക, അതിനുള്ള സർവേ നടത്തി, ഉപദേശങ്ങൾ നൽകേണ്ടതുണ്ട്. അതുപോലെ കളിമണ്ണ് എടുക്കുമ്പോൾ എത്ര ദൂരത്തിൽ, എത്ര താഴ്ചയിൽ എടുക്കാം, പരിസ്ഥിതിക്ക് പ്രശ്നം ഉണ്ടാകാതെ, കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാതെ ഇത് എടുക്കുന്നതിന് ആവശ്യമായിട്ടുള്ള ചില നിയന്ത്രണങ്ങൾ വേണം. തൽക്കാലം തൃശ്ശൂർ, പ്രത്യേകിച്ചും തൊഴിലാളികൾ കളിമണ്ണ് എടുക്കാതെ ഒരു പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. പത്തിരുപത്തയ്യായിരത്തോളം തൊഴിലാളികൾക്ക് പണി ഇല്ലാതെ വന്ന ഒരു സാഹചര്യത്തിൽ രണ്ട് മാസത്തേയ്ക്ക് അവിടെ റോയൽറ്റി ഈടാക്കുന്നില്ല. പക്ഷെ അത് ഒരു നല്ല സമീപനമല്ല. അവരെ വിളിച്ച് ചർച്ച ചെയ്ത് ചെറിയതോതിൽ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടത് ആവശ്യമാണ്. അതിന് അവരെ വിളിച്ച് പ്രത്യേകമായി ചർച്ച ചെയ്ത് തീരുമാനിക്കാൻ വച്ചിട്ടുണ്ട്.

<u>ശ്രീ. എൻ.ആർ. ബാലൻ</u> : സർ, ഈ കളിമണ്ണിന്റെ ഗുണമേന്മ തിട്ടപ്പെടുത്തുന്നതിനുവേണ്ടി മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റുകാർ സർവേ നടത്തി ഭൂപടം തയ്യാറാക്കുന്നുണ്ട് എന്ന് പറഞ്ഞു. ഇപ്പോൾ നമ്മൾ കണ്ടുവരുന്ന ഗൗരവപ്പെട്ട പ്രശ്നം ഗുണമേൻമയുള്ള പ്രദേശത്ത് നിന്നുതന്നെ ഈ ഫാക്ടറികൾ കളിമണ്ണെടുക്കുന്ന ഘട്ടത്തിൽ കേരള ലാന്റ് യൂട്ടിലൈസേഷൻ ആക്ടിന്റെ പേരിൽ റവന്യൂ ഉദ്യോഗസ്ഥൻമാർ ഇടപെടുന്നുണ്ട്. കൃഷിക്ക് ഉപയുക്തമായിട്ടുള്ള കൃഷിയിടങ്ങൾക്ക് ജലസേചനത്തിന് തടസ്സം വരുന്ന രീതിയിൽ ഓട് വ്യവസായികൾ മണ്ണെടുക്കുന്നതിന്റെ പേരിൽ കൃഷിക്കാർ തടസ്സവാദങ്ങളുമായിട്ട് മുന്നോട്ട് വരുന്നുണ്ട്. ഇതൊക്കെ പ്രാദേശികതലത്തിൽ പലപ്പോഴും സംഘർഷങ്ങളുടെ അന്തരീക്ഷം വരെ ഉണ്ടാക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റുകാർ നടത്തിയ സർവേയുടെ അടിസ്ഥാനത്തിൽ ഗുണമേൻമ ഉള്ള കളിമണ്ണിന്റെ ലഭ്യതയുള്ള പ്രദേശങ്ങൾ സ്പെസിഫൈ ചെയ്ത് ആ പ്രദേശത്ത് തടസ്സം കൂടാതെ കളിമണ്ണ് എടുക്കുന്നതിനുള്ള സാഹചര്യം ഒരുക്കാൻ ജില്ലാ തലത്തിലും അതുപോലെതന്നെ പഞ്ചായത്തുതലത്തിലും, റവന്യൂ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരും, കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാരും, ജനപ്രതിനിധികളും ഉൾക്കൊള്ളുന്ന കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, ഈ പ്രശ്നം മനസ്സിലാക്കിക്കൊണ്ട് വളരെനേരത്തെതന്നെ ഈ കാര്യത്തിൽ ഒരു കോൺഫറൻസ് വിളിച്ച്കൂട്ടി തീരുമാനങ്ങളെടുത്ത് ആർ.ഡി.ഒ.യുടെ നേതൃത്വത്തിൽ കൃഷിക്കാരും, വ്യവസായികളുടെ പ്രതിനിധികളും പഞ്ചായത്ത് പ്രസിഡന്റുമാരും എല്ലാം ചേർന്ന് ഒരു കമ്മിറ്റി ഉണ്ടാക്കി പ്രവർത്തനം നടത്തണമെന്ന ഡയറക്ഷൻ കൊടുക്കുകയും കോഴിക്കോട് പോലുള്ള പ്രദേശങ്ങളിൽ ഏറെക്കുറെ അത് നടപ്പിലാക്കി വരുകയുമാണ്. പക്ഷേ തൃശ്ശൂർ ആ കാര്യം ഫലപ്രദമായി നടക്കുന്നില്ല. നടത്തിയാൽ കൃഷിക്കാർക്കും ബുദ്ധിമുട്ടുണ്ടാകില്ല. അത് വളരെ നിയന്ത്രിതമായ രീതിയിൽ നടത്താൻ കഴിയും. ആ കമ്മിറ്റി രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിക്കുക എന്നുള്ളതാണ് ഇതിനുള്ള പരിഹാരമാർഗ്ഗം.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : സർ, ബഹുമാനപ്പെട്ട ശ്രീ. എൻ.ആർ. ബാലന്റെ ചോദ്യത്തിന് അനുബന്ധമായിതന്നെയാണ് ചോദിക്കാനുള്ളത്. ഈ കളിമണ്ണ് കേരളത്തിൽ ലഭ്യമായ സ്ഥലങ്ങളെ സംബന്ധിച്ച് ഒരു മാപ്പ് ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കുന്നുണ്ടെന്ന് പറഞ്ഞു. അങ്ങനെ തയ്യാറാക്കുന്ന ഗുണമേൻമയുള്ള കളിമണ്ണ് കിട്ടുന്ന സ്ഥലം നോട്ടിഫൈ ചെയ്തിട്ട് അവിടെനിന്നും

LIBRARY ARCHIVES Kerala Legislative Assembly

മണ്ണ് എടുത്ത് ഈ വ്യവസായികളുടെ അനിയന്ത്രിതമായ ചൂഷണം അവസാനിപ്പിക്കാൻ വേണ്ടിയിട്ട് ഒരു ഏജൻസിയെ ചുമതലപ്പെടുത്തിയാൽ ആ ഏജൻസി ആവശ്യമായ കളിമണ്ണ് അംഗീകൃത വ്യവസായികൾക്ക് കൊടുക്കുന്ന ഒരു സംവിധാനം ഉണ്ടാകും. അങ്ങനെവന്നാൽ ഈ പ്രശ്നം കുറെയേറെ പരിഹരിക്കാൻ കഴിയും. അതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : എന്റെ മറുപടിയിൽ ഞാൻ നേരത്തെ പറഞ്ഞു, ഇതിനുപുറമേ, ദീർഘകാലാടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ പ്രസ്തുത പ്രോജക്ട് ഏറ്റെടുക്കും.

1. സംസ്കരിച്ച അസംസ്കൃത പദാർത്ഥങ്ങൾ രൂപപ്പെടുത്തുക, ഓട് വ്യവസായ സ്ഥാപനങ്ങളിൽ ഗുണമേന്മ പരിശോധനയ്ക്കായി ലബോറട്ടറികൾ സ്ഥാപിക്കുക, പുതിയ കളിമണ്ണ് സംസ്കരണ സാങ്കേതികവിദ്യ രൂപപ്പെടുത്തിയെടുക്കുക, ഇതുപോലുള്ള കാര്യങ്ങൾ ചെയ്യുന്നതിന് ഞങ്ങൾ നടപടി എടുത്തിട്ടുണ്ട്. അതാണ് ഇതിനുള്ള പരിഹാരമാർഗ്ഗം

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : ഈ കളിമണ്ണ് സംസ്കരിക്കുന്നതിന് ഇന്ന് കേരളത്തിൽ പഴഞ്ചൻ രീതിയാണ് തുടരുന്നത്. ഇത് മാറ്റാൻ ചൈനയുമായി ബന്ധപ്പെട്ടുകൊണ്ട് ചൈനീസ് സംഘത്തിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഈ രംഗത്ത് ആവശ്യമായ മാറ്റം വരുത്താൻ വ്യവസായ വകുപ്പ് തയ്യാറാകുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഇപ്പോൾ ഏഷ്യൻ പെസഫിക് സെന്റർ ഫോർ ടെക്നോളജി ട്രാൻസ്ഫർ എന്ന് പറയുന്ന സ്ഥാപനവുമായി ഒരു എഗ്രിമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ബാംബൂവിന്റെ മേഖലയിൽ ഒരു ടെക്നോളജി പുതിയതായി ലഭിച്ചു. പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്. അവരുമായി തന്നെ ആലോചിച്ച് ഇതുപോലെ ഓട് വ്യവസായത്തിന് ആവശ്യമായ ടെക്നോളജി ലഭിക്കുമോ എന്നുള്ള കാര്യം പരിശോധിച്ച് അതിന് ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> : പുതിയ ടെക്നോളജി കേരളത്തിൽ അപ്ലൈ ചെയ്യാതെതന്നെ ഇന്ന് കേരളത്തിലെ പല ഓട് വ്യവസായികളും ആധുനികമായ രീതിയിലുള്ള ഓടുകൾ നിർമ്മിച്ച് കയറ്റുമതി അടക്കം നടത്തുന്നുണ്ട്. പഴയതുപോലെ മേച്ചിൽ ഓടുകൾ മാത്രമല്ല ഇപ്പോൾ കോൺക്രീറ്റ് വീടുകൾക്ക് മുകളിൽ ഓട് മേയുകയാണ്. അപ്പോൾ അത്രയ്ക്കുള്ള ഓട് വേണം. ആവശ്യകതയ്ക്കനുസരിച്ചുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന തരത്തിൽ, വ്യവസായികളെ സഹായിക്കാൻ കഴിയുന്ന തരത്തിൽ എന്തെങ്കിലും ചെയ്യാൻ ഒരു സമയബന്ധിതമായ പരിപാടി നടപ്പിലാക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : അതിന് ആവശ്യമായ രീതിയിൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ഇവർക്ക് ആവശ്യമായ ലോൺ അടക്കം അറേഞ്ച് ചെയ്ത് കൊടുക്കുന്നതിന് എസ്.ഐ.ഡി.ബി.ഐ. പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശ്രമിക്കുമെങ്കിൽ നടക്കുന്നതാണ്. പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായിട്ടുള്ള സഹായം നൽകുകയാണ്. ആർ.ആർ.എൽ.ന്റെ പ്രധാനമായ ലക്ഷ്യം. അതുകൊണ്ടാണ് അവരെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് നമ്മൾ ഒരു സംവിധാനം ഉണ്ടാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പുതിയതരം ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക എന്നുള്ളത് പ്രധാനമാണ്. അതിന് ആവശ്യമായ എല്ലാ സഹായങ്ങളും വ്യവസായികൾക്ക് ചെയ്തുകൊടുക്കുന്നതാണ്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : ഇതിൽ ഉൾപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കിനിശ്ചയിക്കാനും അതുപോലെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഓട് വ്യവസായികളെ റിവൈവ് ചെയ്യാനും ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : വേജസ് പുതുക്കി നിശ്ചയിക്കുന്നതിനെ സംബന്ധിച്ച കാര്യം ലേബർ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. പുനഃരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുന്ന കാര്യം തീർച്ചയായിട്ടും വ്യവസായ വകുപ്പ് പരിശോധിക്കുന്നതാണ്.

ശ്രീ. മാമ്മൻ മത്തായി : സർ, ഓട് വ്യവസായികൾ നേരിടുന്ന വലിയ പ്രശ്നം അസംസ്കൃത വസ്തുവായ നല്ല കളിമണ്ണിന്റെ ലഭ്യതക്കുറവാണെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. നല്ല കളിമണ്ണ് ലഭിക്കുന്ന പ്രദേശങ്ങൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനെ കൊണ്ട് കണ്ടുപിടിക്കുന്നതിനുള്ള നടപടി നടന്നുവരികയാണെന്ന് പറയുകയുണ്ടായി. അത്തരം പ്രദേശങ്ങൾ കണ്ടുപിടിച്ച് നോട്ടിഫൈ ചെയ്ത് അത്തരം പ്രദേശങ്ങളെ കെ.എൽ.യു.-ആക്ടിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിനായി കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് നടപടി എടുക്കുമോ; അതുപോലെതന്നെ ഓട് വ്യവസായത്തിന് റോയൽറ്റി 10 രൂപയിൽനിന്നും ഒരു രൂപ ആകുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിൽ ഇഷ്ടിക വ്യവസായത്തിന് കൂടി റോയൽറ്റി 10 രൂപയിൽനിന്നും ഒരു രൂപ ആക്കുന്നതിന് നടപടി എടുക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഈ പ്രശ്നം പരിശോധിക്കുന്നതാണ് എന്ന് ഞാൻ നേരത്തെ പറഞ്ഞു. അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആ കാര്യം അതിവേഗത്തിൽ ചെയ്യുന്നതിന് നടപടിയെടുക്കാം. ഇഷ്ടിക വ്യസായത്തിനുകൂടി പ്രയോജനപ്രദമായ വിധത്തിൽ ഇത് എങ്ങനെ മാറ്റിത്തീർക്കാമെന്നുള്ള കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ.പി. രാജേന്ദ്രൻ : നേരത്തെ ശ്രീ. എൻ.ആർ. ബാലൻ ചോദിച്ച ചോദ്യത്തിന് മറുപടിയായി കോഴിക്കോട് ജില്ലയിൽ നടപ്പാക്കിവരുന്ന കാര്യം പറഞ്ഞു. ഓടു കമ്പനികൾ 75 ശതമാനവും തൃശ്ശൂർ ജില്ലയിലാണ്. കൊടകര, ചേർപ്പ് എന്നീ നിയോജകമണ്ഡലങ്ങളിലാണ് ഈ കമ്പനികൾ മുഴുവൻ പ്രവർത്തിക്കുന്നത്. കളിമണ്ണിന്റെ പ്രശ്നവും ഇവിടെ പറഞ്ഞു. ഇതെല്ലാം വച്ചുകൊണ്ട് പരിസ്ഥിതി പ്രശ്നം, കൃഷിയുടെ പ്രശ്നം ഇതൊക്കെ കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റി ഈ മേഖലയിൽ ഏറ്റവും അനുഭവസമ്പത്തുള്ള പി.ആർ. ഫ്രാൻസിസ്, എം.എ. കാർത്തികേയൻ തുടങ്ങിയ ട്രേഡ് യൂണിയൻ നേതാക്കൻമാരും വ്യവസായികളും ഗവൺമെന്റ് പ്രതിനിധികളും ഉൾപ്പെടുന്ന കമ്മിറ്റി - തെളിവെടുപ്പുകൾക്കുശേഷം നൽകിയ ആ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുക എന്നതാണ് ഇതിന് പരിഹാരം. അതിനുള്ള നടപടി സ്വീകരിക്കുമോ? തൃശ്ശൂർ ജില്ലയിലെ പ്രശ്നം പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി കാണിച്ച താൽപ്പര്യത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കാൻകൂടി ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സുശീലാ ഗോപാലൻ : കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ചില വ്യവസ്ഥകളുണ്ടാക്കിയിട്ടുള്ളത്. ക്ലേ എടുക്കുന്നതിനുള്ള നിയന്ത്രണങ്ങൾ ഉണ്ടാക്കുക, അതിനുള്ള പ്രത്യേക കമ്മിറ്റിയുണ്ടാക്കുക, നവീകരണ നടപടികൾ, മാർക്കറ്റിംഗ് സംവിധാനം ഉണ്ടാക്കൽ ഇക്കാര്യങ്ങളൊക്കെ പരിശോധനയിലാണ്.

ശ്രീമതി റോസമ്മ ചാക്കോ : തൃശ്ശൂർ ജില്ലയാണ് ഏറ്റവും കൂടുതൽ കളിമൺ വ്യവസായം നടക്കുന്ന ജില്ല. മാള, കൊടകര, ചാലക്കുടി തുടങ്ങിയ പ്രദേശങ്ങളിൽ ഓട് വ്യവസായമല്ലാതെ കളിമണ്ണുപയോഗിച്ച് വളരെ ആകർഷകമായ ചട്ടി, ഭരണി തുടങ്ങിയ സാധനങ്ങൾ നിർമ്മിക്കുന്നുണ്ട്. അങ്ങനെയുള്ള വ്യവസായശാലകൾ നടത്തുന്ന ആളുകൾക്ക് പ്രോത്സാഹനമായി ഗവൺമെന്റ് എന്തെങ്കിലും നൽകാറുണ്ടോ; അവർക്ക് പ്രത്യേക പരിഗണന നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതിനാവശ്യമായ പരിശീലനം കൊടുക്കുന്നതിനും പ്രത്യേകമായ സഹായം കൊടുക്കുന്നതിനുമുള്ള കാര്യങ്ങൾ പരിശോധിച്ച് വേണ്ടതു ചെയ്യാം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : കോഴിക്കോട് ജില്ലയിൽ ഓട് വ്യവസായം വളരെ പ്രധാനപ്പെട്ടതാണ്. ചുടുകട്ട ഉണ്ടാക്കുന്നതിന് ഏറ്റവും കൂടുതൽ കളിമണ്ണെടുക്കുന്ന പ്രദേശം കുന്നമംഗലം നിയോജകമണ്ഡലത്തിൽപ്പെട്ട മാവൂർ, ചാത്തമംഗലം ഉൾപ്പെടെയുള്ള പഞ്ചായത്തുകളാണ്. അവിടെ ഇതിനെതിരായ അതിശക്തമായ പ്രതിഷേധമുണ്ട്. കളിമണ്ണെടുക്കുന്നവർ കുളം കുഴിക്കുന്നതുപോലെ വളരെ ആഴത്തിൽ കളിമണ്ണ് കുഴിച്ചെടുക്കുന്നതുകൊണ്ടാണ് ശക്തമായ പ്രതിഷേധവും നാട്ടുകാരുടെ എതിർപ്പും വരുന്നത്. ആ നിലയിൽ എടുക്കാതെ, നെൽപ്പാടം നഷ്ടപ്പെട്ടുപോകാതെ ആവശ്യമുള്ള കളിമണ്ണെടുക്കാനും നെൽക്കൃഷിക്കാരെ സംരക്ഷിക്കാനും തക്ക വിധത്തിൽ, രണ്ടുവിഭാഗത്തെയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; അതിനുള്ള നടപടികൂടി എടുത്താലേ എതിർപ്പ് കുറയ്ക്കാൻ കഴിയൂ എന്ന വസ്തുത കണക്കിലെടുത്തുകൊണ്ടുള്ള സമീപനം ഗവൺമെന്റ് കൈക്കൊള്ളുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതുതന്നെയാണ് ഞാൻ നേരത്തെ പറഞ്ഞത്. ആർ.ഡി.ഒ.യുടെ നേതൃത്വത്തിൽ അതാതു പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റുമാർ അതുപോലെ വ്യവസായ പ്രതിനിധികൾ, കൃഷിക്കാർ എല്ലാം ചേർന്ന് കമ്മിറ്റികളുണ്ടാക്കിയിട്ടുണ്ട്. ഏതെങ്കിലും പ്രദേശത്ത്, പ്രത്യേകിച്ച് കോഴിക്കോടുതന്നെ അത് ഉണ്ടാക്കിയിട്ടില്ലെങ്കിൽ അതുണ്ടാക്കുന്നതിന് നടപടിയെടുക്കാൻ നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. സി. മൊയിൻകുട്ടി : ഓടുവ്യവസായ രംഗത്തെ തൊഴിലാളികളും വ്യവസായികളും നേരിടുന്ന പ്രശ്നത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ രംഗത്ത് സർക്കാർ ആഭിമുഖ്യത്തിലുള്ള ജനകീയാസൂത്രണത്തിന്റെ ഭാഗമായിട്ടുള്ള ഭവനനിർമ്മാണ പദ്ധതികൾക്ക് ഓട് നൽകുന്നതിന് വല്ല സംവിധാനവും സർക്കാർ നേരിട്ട് നടത്തുന്നുണ്ടോ; അങ്ങനെ വല്ല പദ്ധതിയുമുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : സർക്കാരിന് നേരിട്ട് അങ്ങനെയുള്ള സംവിധാനങ്ങളൊന്നുമില്ല. പക്ഷെ വ്യവസായികളെ സഹായിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾക്കുവേണ്ടിയാണ് റീജിയണൽ റിസർച്ച് ലബോറട്ടറി

യുമായി ബന്ധപ്പെട്ട് പുതിയ ഇനം ഓടുകളുണ്ടാക്കുന്നതിന് നടപടിയെടുത്തിട്ടുള്ളത്.

ശ്രീ. എം.പി. വർഗ്ഗീസ് : പഴയകാലത്ത് ഉപയോഗിച്ചിരുന്നതും ഇപ്പോൾ ചില സ്ഥലങ്ങളിൽ മാത്രം നിലവിലുള്ളതുമായ ചട്ടി, കലം, മൺപാത്രങ്ങൾ ഇവയുണ്ടാക്കുന്ന വേളാർ സമുദായത്തിൽപ്പെട്ട ആളുകൾ ആ തൊഴിലിൽനിന്ന് വിട്ടുപോകുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. അവരെയും അവരുടെ തൊഴിലിനെയും സംരക്ഷിക്കുന്നതിനുള്ള സമീപനം ഗവൺമെന്റെടുക്കാൻ തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇപ്പോൾത്തന്നെ അവർക്കാവശ്യമായ ചില സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. പുതിയതായി എന്തെങ്കിലും വേണമോ എന്നുള്ള കാര്യം പരിശോധിക്കാൻ തയ്യാറാണ്.

വനിതാ വ്യവസായ സംരംഭകർക്ക് പരിശീലനം

3 (*273)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

പ്രൊഫ. മീനാക്ഷി തമ്പാൻ :

ശ്രീ. ജോസ് ബേബി :

ശ്രീമതി ആർ. ലതാദേവി :

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ വ്യവസായ സംരംഭകർക്ക് ഏതെല്ലാം തരത്തിലുള്ള പരിശീലനങ്ങൾ നൽകിവരുന്നുണ്ട്;

(ബി) പരിശീലനം പൂർത്തിയാക്കുന്ന വനിതകൾക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) വനിതാ വ്യവസായ സംരംഭകർക്ക് വ്യവസായവകുപ്പ് 'കിറ്റ്കോ', എസ്.ഐ.എസ്.ഐ., സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് തുടങ്ങിയ വ്യവസായ ഏജൻസികൾ സംയുക്തമായും പ്രത്യേകമായും സംരംഭകത്വ വികസന പരിശീലനം നൽകിവരുന്നുണ്ട്. ഇതിനുപുറമെ സാങ്കേതിക പരിശീലനം ആവശ്യമായ വനിതാ വ്യവസായ സംരംഭകർക്കും വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്കും പരിശീലനം നൽകാൻ വ്യവസ്ഥയുണ്ട്. വനിതാ വികസന കോർപ്പറേഷൻ പരിശീലനം നൽകിവരുന്നു.

(ബി) പരിശീലനം പൂർത്തിയായ വനിതകൾക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടിയായ ചെറുകിട വ്യവസായ രജിസ്ട്രേഷൻ, വൈദ്യുതി കണക്ഷൻ, അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കാനുള്ള ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കൽ, മാർജിൻ മണി ലോൺ, ലൈസൻസുകൾ ലഭ്യമാക്കാ

LIBRARY ARCHIVES Kerala Legislative Assembly